# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2172 20.06.2012-ൽ മറുപടിയ്ക്ക്**

## എസ്.എ.റ്റി. യിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ നവജാത ശിശുക്കൾ മരണപ്പെട്ട വിവരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും സംസ്ഥാനത്തെ ഏറ്റവും വലിയ ആശുപത്രിയായ എസ്.എ.റ്റി. യിൽ കഴിഞ്ഞ ഒരുവർഷത്തിനിടെ എത്ര നവജാത ശിശുക്കൾ മരണപ്പെട്ടു; അതിൽ ഒ.ബി.നഴ്സറി, ഐ.ബി. നഴ്സറി എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (എ) | എസ്. എ. റ്റി. ആശുപത്രിയിൽ 2011 മേയ് മാസം മുതൽ 2012 ഏപ്രിൽ മാസം വരെയുള്ള ഒരു വർഷക്കാലയളവിൽ 9516 പ്രസവങ്ങൾ നടന്നതിൽ അണുബാധമൂലമുള്ള മരണനിരക്ക് ഒരു ശതമാനത്തിൽ താഴെയാണ്. ഐ.ബി.എൻ.ൽ പ്രവേശിപ്പിക്കപ്പെട്ട 83 നവജാത ശിശുക്കളിൽ 5 കുഞ്ഞുങ്ങളും ഒ. ബി. എൻ.ൽ പ്രവേശിപ്പിക്കപ്പെട്ട 104 നവജാത ശിശുക്കളിൽ 9 കുഞ്ഞുങ്ങളും ഈ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിലുള്ള അണുബാധ - യേൽക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു - വെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ നിന്നും സമീപ ജില്ലകളിൽ നിന്നും നിരവധി സ്ത്രീകളും കുട്ടികളും പലവിധ അസുഖങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന ഒരു പ്രമുഖ ആശുപത്രിയാണ് എസ്.എ.റ്റി. ഈ ആശുപത്രിയിൽ പ്രസവത്തിനായെത്തുന്നവരിൽ നല്ലൊരു ശതമാനം മറ്റ് ആശുപത്രികളിൽ നിന്ന് റഫർ ചെയ്തുവരുന്നവരാണ്. പലവിധ അസുഖങ്ങളോടു കൂടിയാണ് ഇവർ എത്തുന്നത്. അവരിൽ നിന്നാണ് ഇവിടത്തെ ഇൻബോൺ/ ഔട്ട്ബോൺ നഴ്സറികളിലെ കുട്ടികളിൽ അണുബാധ പകരുന്നത്. നവജാത ശിശു വിഭാഗത്തിൽ ഇൻഫക്ഷൻ കൺട്രോൾ കൃത്യമായി പാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന - തിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) പ്രസ്തുത ആശുപത്രിയിലുള്ള ചില ജീവനക്കാർ രോഗികളോടും കൂടെ ഇരിക്കുന്നവരോടും മോശമായ പെരുമാറ്റമാണ് നടത്തുന്നതെന്ന് ബോധ്യമായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ആരോഗ്യ വകുപ്പിന് എന്തൊക്കെ നിർദ്ദേശം നൽകുമെന്ന് വ്യക്തമാക്കുമോ? | (സി) | ചില ജീവനക്കാരെക്കുറിച്ച് പരാതികൾ ഉയർന്നു വന്നിട്ടുണ്ടെങ്കിലും അവയെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ജോലിക്കാരുടെ അധിക ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ